ജനങ്ങളെ നെഞ്ചിലേറ്റിയ ജനസേവകൻ (കാരൂർ സോമൻ, ചാരുംമൂട്)

July 19, 2023

Share

കേരള ജനത ജനപ്രിയ നായകൻ ഉമ്മൻ ചാണ്ടിയുടെ വേർപാടിൽ ദു:ഖാർത്ഥരാണ്. ഒരു മുൻ മുഖ്യമന്ത്രിയുടെ വിയോഗത്തിൽ ഇത്രമാത്രം ഈറനണിഞ്ഞവരെ, പൊട്ടിക്കരഞ്ഞവരെ കണ്ടിട്ടില്ല. ആരുടേയും ചുമലിൽ തലോടികൊണ്ട് നിരാശ പൂണ്ടിരിക്കുന്ന മനസ്സിലേക്ക് സഹജമായ പുഞ്ചിരിയോടെ നോക്കുമ്പോൾ തന്നെ വേദനകളെല്ലാം നിർവീര്യമാകും. പിന്നീട് നാം കാണുന്നത് പരസ്പരം പ്രേമാർദ്രമായ വിടർന്ന മിഴികളാണ്. ഒരു മുഖ്യമന്ത്രിയിൽ നിന്ന് ഇത്രമാത്രം സവിശേഷമായ സ്നേഹാദരങ്ങൾ ഏറ്റുവാങ്ങുക ഒരു ജനതയുടെ സൗഭാഗ്യമാണ്. ഉമ്മൻചാണ്ടി പാവങ്ങളുടെ കുടപ്പിറപ്പും ജനങ്ങൾക്ക് കരുത്തുമായിരിന്നു. ആ മന്ദസ്മിതത്തിന്റെ അർത്ഥം മനസ്സിലാക്കിയവരുടെ കവിൾത്തടങ്ങൾ തുടുക്കും, ഹൃദയം പിടയും, കണ്ണുനീർവാർക്കും. പരിഹാസ വാക്കുകൾ പറയുന്നവരുടെ മധ്യത്തിൽ ഉമ്മൻ ചാണ്ടി പ്രാണപ്രിയനായിരുന്നു. യാതൊരു പോലീസ് പടച്ചട്ടയുമില്ലാതെ ജനത്തിനൊപ്പം സഞ്ചരിക്കുന്ന ഒരു മുഖ്യമന്ത്രിയെ കേരളത്തിന് ലഭിക്കുമോ?

കേരള നിയമസഭ 1957 മാർച്ച് 16 ന് നിലവിൽ വന്നതിനുശേഷം 1957-ലെ കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രി ഇ.എം.എസ് നമ്പുതിരിപ്പാടിൽ തുടങ്ങി, കേരളത്തിന്റെ 19-ാമത് മുഖ്യമന്തിയായി 2004 ആഗസ്റ്റ് 13 ന് കോട്ടയം ജില്ലയിലെ പുതുപ്പളിക്കാരൻ അധികാരത്തിലെത്തി. അഖില കേരള ബാലജനസഖ്യത്തിൽ തുടങ്ങി, കെ.എസ്.യു, യുത്ത് കോൺഗ്രസ്, ഐ.എൻ.ടി.യൂ.സി, കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗം തുടങ്ങി വിവിധ രംഗങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ചു. കേരള മന്ത്രിസഭയിൽ പലവട്ടം മന്ത്രിയാകുക മാത്രമല്ല രണ്ട് പ്രാവശ്യം മുഖ്യമന്ത്രിയായി. അൻപത് വർഷങ്ങൾ ഒരേ മണ്ഡലത്തിൽ നിന്ന് ജയിച്ചു വരിക അത് ഉമ്മൻ ചാണ്ടിക്കു മാത്രമേ സാധിക്കൂ. എവിടെയും എപ്പോഴും മന്ദഹാസം പൊഴിച്ചുകൊണ്ട് സ്നേഹാർദ്രമായ മിഴികളോടെ ജനങ്ങളുടെയിടയിൽ നടക്കുന്ന ഉമ്മൻ ചാണ്ടി കേരളത്തിൽ മാത്രമല്ല ഇന്ത്യയിലും അപൂർവ്വകാഴ്ചയാണ്. മലയാള മണ്ണിൽ ഇത്രമാത്രം ജനപ്രീതി നേടിയതിന്റെ പ്രധാന കാരണം ജനഹിതം മനസ്സിലാക്കി ആത്മാർത്ഥമായി ജനങ്ങളെ കരുതലോടെ കണ്ടതാണ്. ഉമ്മൻ ചാണ്ടിയുടെ അടുക്കലേക്ക് ആർക്കും ഏത് നേരത്തും സമീപിക്കാം. അധികാരത്തിന്റെ അഹങ്കാരം ആ മുഖത്തില്ല. നമ്മുക്ക് ലഭിക്കുന്നത് നിറപുഞ്ചിരിയാണ്. കേരള രാഷ്ട്രീയത്തിൽ ഇതുപോലുള്ള രാഷ്ട്രീയതന്ത്രജ്ഞർ കുറവാണ്. ജനസേവനം എന്തെന്ന് ഉമ്മൻ ചാണ്ടിയിൽ നിന്ന് ഇന്നുള്ളവർ പഠിക്കുന്നത് നന്ന്. എപ്പോഴും ജാതി രാഷ്ട്രീയം പറഞ്ഞു ജയിക്കാനാകില്ല. ജനങ്ങൾ പ്രബുദ്ധരാണ്. അദ്ദേഹത്തെ ഞാൻ പരിചയപ്പെടുന്നത് മാവേലിക്കര രാമചന്ദ്രനൊപ്പം ഡൽഹി കേരള ഹൗസിൽ വച്ചാണ്. ഉമ്മൻ ചാണ്ടിയെ ഓർക്കുമ്പോൾ ബ്രിട്ടനിലെ മുൻ സഹമന്ത്രിയും, ഇന്നത്തെ എം.പിയുമായ സ്റ്റീഫൻ റ്റിംസ് മനസ്സിലേക്ക് വരുന്നു. ഏഷ്യക്കാർ കൂടുതലായി പാർക്കുന്ന ഈസ്റ്റ് ലണ്ടനിൽ നിന്ന് ഒരു ബ്രിട്ടീഷുകാരൻ തുടർച്ചയായി എം.പിയാകുന്നത് കൗതുകത്തോടെ കാണുന്നു. അദ്ദേഹത്തെ ജനങ്ങൾ കാണുന്നത് വേഷങ്ങൾ കെട്ടിയാടുന്ന നായകനായിട്ടല്ല അതിലുപരി ഒരു ജനപ്രിയ നായകനായിട്ടാണ്. സാധാരണക്കാർക്കൊപ്പം ക്യൂവിൽ നിൽക്കുന്നു, മറ്റുള്ളവർക്കൊപ്പം കടയിൽ ചായ കുടിക്കുന്നു, ട്രെയിനിൽ സഞ്ചരിക്കുന്നു. ഒരിക്കൽ ഇവിടുത്തെ ഒരു ലൈബ്രറിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഞാനൊരു പരാതി ഇദ്ദേഹത്തിനയച്ചു. പരാതി കിട്ടിയ ഉടൻ അദ്ദേഹം എന്റെ വീട്ടിൽ വന്നു. ഒരാൾ എം.പിക്ക് പരാതിയച്ചാൽ വീട്ടിൽ വരിക കേട്ടിട്ടുപോലുമില്ല. ഇദ്ദേഹം എന്റെ ഇംഗ്ലീഷ് നോവൽ മലബാർ എ ഫ്ളയിം ബ്രിട്ടീഷ് പാർലമെന്റിൽ വച്ച് പ്രകാശനവും ചെയ്തിട്ടുണ്ട്. മാത്രവുമല്ല ഇവിടുത്തെ പല മന്ത്രിമാരും സൈക്കിളിൽ സഞ്ചരിക്കുന്നു. അങ്ങനെ ഒരു ജനസേവന്റെ മഹത്വമാണ് ഉമ്മൻ ചാണ്ടിയിൽ ഞാൻ കണ്ടത്. ഞാൻ മാത്രമല്ല അദ്ദേഹത്തിന്റ ശത്രുക്കളും അപമാനിച്ചവരും അത് തന്നെ പറയും. മലയാളികളുടെ പൊതുവിലുള്ള സ്വാഭാവമാണല്ലോ ജീവിച്ചിരിക്കുമ്പോൾ ഇകഴ്ത്തുക, മരിക്കുമ്പോൾ പുകഴ്ത്തുക.

മഹാത്മാഗാന്ധി, നെഹ്റു, പട്ടേൽ, ഡോ. അബേദ്കർ, വി.കെ.കൃഷ്ണമേനോൻ, മൻമോഹൻ സിംഗ് തുടങ്ങി ധാരാളം വ്യക്തിപ്രഭാവമുള്ളവരൊക്കെ ഇംഗ്ലണ്ടിൽ നിന്ന് പഠിച്ചു പോയവരാണ്. നമ്മുടെ ഉമ്മൻ ചാണ്ടി ഇവിടെ വന്ന് പഠിച്ചിട്ടില്ല. അദ്ദേഹത്തിൽ കാണുന്നത് സ്നേഹം, കാരുണ്യം, സഹാനുഭൂതി തുടങ്ങിയ മാനവീയത നിറഞ്ഞ ആത്മജ്ഞാനത്തിന്റ പ്രകാശവർഷങ്ങളാണ്. മനുഷ്യത്വമുള്ളവർക്ക് പാവങ്ങളുടെ നൊമ്പരങ്ങൾ കണ്ടിട്ടും കാണാതിരിക്കാൻ സാധിക്കില്ല. അവർക്ക് മാത്രമെ സഹജീവികളെ സമഭാവനയോടെ കാണാൻ സാധിക്കൂ. വിശക്കുന്നവന് ആഹാരവും ദാഹിക്കുന്നവന് ജലവും നൽകാതിരിക്കാൻ ഉമ്മൻ ചാണ്ടിക്ക് സാധിക്കില്ല. അതിനെക്കാൾ പുണ്യം മനുഷ്യജീവിതത്തിൽ മറ്റെന്താണുള്ളത്? മനുഷ്യനന്മക്കായി അഹോരാത്രം പ്രവർത്തിക്കുന്നവർക്കാണ് ആരാധകരും അനുയായികളുമുള്ളത്. അത് കെട്ടിപ്പൊക്കുന്ന ഫാൻസ് അസ്സോസിയേഷനല്ല. കേരളത്തിൽ ആദ്യമായിട്ടാണ് ഒരു ജനസേവകന് ആയിരകണക്കിന് ആരാധകരുള്ളത് കാണുന്നത്. അദ്ദേഹം രാപകൽ നടത്തിയിട്ടുള്ള ജനസേവനമാണ് ഐക്യ രാഷ്ട്രസഭയുടെ ജനസമ്പർക്ക പുരസ്ക്കാരത്തിന് അർഹനാക്കിയത്. അതിനെ പാടിപുകഴ്ത്താൻ ഫേസ് ബുക്ക് ഗുണ്ടാപ്പടയില്ലാതിരുന്നത് നന്നായി. ഒരിക്കൽ അദ്ദേഹത്തിന്റ അമേരിക്കൻ യാത്രയിൽ ലണ്ടനിൽ കുറെ മണിക്കൂറുകളുണ്ടായിരുന്നു. ആ കൂടിക്കാഴ്ച്ചയിൽ ഞാനൊരു ചോദ്യം ചോദിച്ചു. ഇന്ത്യൻ ജനപ്രതിനിധികളിൽ പലരും ജനസേവനത്തേക്കാൾ സമ്പത്തുണ്ടാക്കുന്നതിലാണല്ലോ ശ്രദ്ധിക്കുന്നത്. എനിക്ക് കിട്ടിയ ഉത്തരം. അതൊന്നും ജനസേവനമല്ല. അവരൊന്നും ഈ പണിക്ക് ഇറങ്ങരുത്. പൊതുപ്രവർത്തകർ ജനത്തിനൊപ്പമാണ് സഞ്ചരിക്കേണ്ടത്. ഞാൻ തിരുവനന്തപുരത്തൊരു വീടുണ്ടാക്കി. അതിൽ അഴിമതി പണമൊന്നുമില്ല. ഭാര്യയുടെ ധനമാണ് ഉപയോഗിച്ചത്. ആർക്കും പരിശോധിക്കാം. സമൂഹത്തിൽ സങ്കടപ്പെടുന്ന, ഞെരിപിരികൊള്ളുന്ന പാവങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നവരാണ് ജനസേവകർ. വാത്മീകി മഹർഷിയുടെ കവിത 'മാനിഷാദ' അനീതിക്കെതിരെയുള്ള ഇന്ത്യയിലെ ആദ്യ പോരാട്ടമായിരുന്നു. സമൂഹത്തിന്റെ നന്മയാഗ്രഹിക്കുന്ന സർഗ്ഗ പ്രതിഭകളടക്കം ജനസേവകരാണ്. ഒരു കാട്ടാളൻ ഇണക്കിളികളിൽ ഒന്നിനെ കൊല്ലുമ്പോൾ ചോദിച്ചത് 'എരണംകെട്ട കാട്ടാളാ' എന്നാണ്. ജനങ്ങൾ നെഞ്ചിലേറ്റിയ ഉമ്മൻ ചാണ്ടി നമ്മിൽ നിന്ന് പോയി. ഇനിയും ആരാണ് ചോദിക്കുക 'എരണം കേട്ട ഭരണകൂടങ്ങളെ, മത -വർഗ്ഗിയ വാദികളെ' എന്ന്. അങ്ങനെ സംഭവിച്ചാൽ വിശപ്പിൽ നിന്നുള്ള ദുരം കുറയും, അധർമ്മം ധർമ്മമായി മാറും. ചൂഷണവും കുറയും. ഇല്ലെങ്കിൽ നാടിന്റ ശാപം തുടരും. ഉമ്മൻ ചാണ്ടി ആരോടും മനസ്സ് തുറന്നാണ് സംസാരിച്ചത്. അത് എതിരാളികൾക്കുപോലും തള്ളിക്കളയാൻ സാധിക്കില്ല. പ്രവാസികളുടെ കാര്യത്തിലും അദ്ദേഹത്തിന്റ പങ്ക് വലുതാണ്. അതിൽ പ്രധാനമാണ് ഇറാക്കിൽ ഭീകരുടെ തടവറയിൽ കഴിഞ്ഞ നഴ്സസിനെ കേന്ദ്രസഹായത്തോടെ രക്ഷപ്പെടുത്തിയത്.

ഉമ്മൻ ചാണ്ടി എനിക്ക് പ്രവാസി ഭാഷാമിത്രം സാഹിത്യപുരസ്കാരം തന്നതും ഈ അവസരം ഓർക്കുന്നു. സമൂഹത്തിനാവശ്യം പാവങ്ങളുടെ നൊമ്പരമറിയുന്ന, സത്യവും നീതിയും നടപ്പാക്കുന്ന, നന്മ നിറഞ്ഞ ജനപ്രതിനിധികളെയാണ്. യേശുക്രിസ്തു പാപികളെ പാപങ്ങളിൽ നിന്ന് രക്ഷിച്ചതുപോലെ എതിർപാർട്ടികളിലുള്ളർ തന്നെ കല്ലെറിഞ്ഞപ്പോഴും അവരോട് ക്ഷമിക്കുകയാണ് ചെയ്തത്. ഗാന്ധിജിയുടെ ഈ അരുമ ശിഷ്യൻ കേരളത്തിലെ പാവങ്ങളുടെ ഗാന്ധിയായിരുന്നു. കേരളത്തിന്റെ വികസനനായകന് വേദനയോടെ വിട ചൊല്ലുന്നു.

About The Author

LIMA

See author's posts

Previous article
പക്ഷിപാതാളം – സിസിലി ജോർജ് | അദ്ധ്യായം 32

Next article
കാലത്തിന്റെ എഴുത്തകങ്ങൾ – (ഡോ. മുഞ്ഞിനാട് പത്മകുമാർ)

LEAVE A REPLY

Comment:

Name:*

Email:*

Website:

Save my name, email, and website in this browser for the next time I comment.

Post Comment

NEWSEWS

വൈകിവന്ന വിവേകം { അദ്ധ്യായം 13 } – മേരി അലക്സ് (മണിയ)
December 19, 2023

MALABAR AFLAME : Lesson 15 – (Karoor Soman)
December 19, 2023

കഥാകാരൻറെ കനൽവഴികൾ , അദ്ധ്യായം 8 – (ആത്മകഥ – കാരൂർ സോമൻ)
December 19, 2023

കാലിന്റെ ഇടയിൽ കയറുന്ന ഭൂതച്ചെറുക്കൻ. – (ലീലാമ്മ തോമസ് ബോട്സ്വാന)
December 19, 2023

കണ്ണിന് കുളിരായി (ഫ്രാൻസ്) – കാരൂർ സാമൻ
December 19, 2023

Search

Search

HOT NEWS


IPL 2024: ഐപിഎൽ ലേലത്തിന് മുമ്പേ പിന്മാറിയ മൂന്ന് വിദേശതാരങ്ങൾ
December 18, 2023


'ദാവൂദ് ഇബ്രാഹിം ആശുപത്രിയിൽ'; റിപ്പോർട്ടുകൾ തള്ളി ഇന്റലിജൻസ് വൃത്തങ്ങൾ
December 18, 2023


ഡൽഹിയിൽ തണുപ്പ് വർദ്ധിക്കുന്നു; മുന്നറിയിപ്പുമായി IMD
December 18, 2023

LITERATURE

നവകേരള സദസിൽ ലഹരിമുക്ത കേരളം അജണ്ടയാക്കണം – കെ സി ബി സി മദ്യ വിരുദ്ധ സമിതി
November 30, 2023

മറഞ്ഞത് വേറിട്ട രചനാശൈലിയുടെ മുഖം: എഴുത്തുകാരി പി വത്സല അന്തരിച്ചു
November 22, 2023


Adventures of Super boy Ramu, ചാടും ചുണ്ടെലിയുടെ കഥ, ഈസോപ്പ് കഥകൾ എന്നീ പുസ്തകങ്ങൾ പ്രകാശനം ചെയ്തു.
November 22, 2023

COVID CASES

All countries
699,836,713
Total confirmed cases

LIMA WORLD LIBRARY

Disclaimer

Articles and opinions expressed or published in this website are exclusively the views of the authors. Neither the editor nor the publishers are responsible or liable for the contents, objectives or opinion of the articles in any form. LIMA World Library does not claim any credit for images posted on this website unless otherwise noted. The images are copyright to its respectful owners or authors. If there is any copyrighted material/images that belongs to you on this website, and do not wish for it to appear on the website, please email with a link to the said material/image, and it will be promptly removed.

Contact us: contactlimaworldlibrary@gmail.com

FOLLOW US